# ഇദ്ദഃയും അനുബന്ധ വിഷയങ്ങളും

മുഹമ്മദ് സ്വാദിഖ് മദീനി

عَدَّ يَعُدُّ (എണ്ണുക, കണക്കാക്കുക) എന്ന അറബി വാക്കിന്റെ ക്രിയാധാതുവാണ് (മസ്ദർ) عِدَّة. ഭർത്താവിന്റെ മരണത്താലോ ഭർത്താവുമായി വിവാഹ ബന്ധം വേർപിരിഞ്ഞ കാരണത്താലോ അടുത്ത ഒരു വിവാഹം വരെയോ പ്രസവം വരേയോ നിശ്ചിത മാസങ്ങളോ നിശ്ചിത അശുദ്ധി കാലമോ ചില നിബന്ധനകൾ പാലിച്ച് കാത്തിരിക്കുന്നതിനാണ് സാങ്കേതികമായി ഇദ്ദഃ എന്ന് പറയുന്നത്. ക്വുർആൻ, സുന്നത്ത്, ഇജ്മാഅ് എന്നീ പ്രമാണങ്ങളാൽ ഇത് വാജിബാണ് (നിർബന്ധം) എന്ന് സ്ഥിരപ്പെട്ടിരിക്കുന്നു.

പ്രകൃതി മതമായ ഇസ്‌ലാം അല്ലാഹു തൃപ്തിപെട്ട ഏക മതമാണ് എന്നതിനാൽ അതിലെ നിയമങ്ങൾ ഏത് സ്ഥലത്തിനും കാലത്തിനും അനുയോജ്യവും ഏവർക്കും പ്രയോഗവൽക്കരിക്കുവാൻ കഴിയുന്നതുമാണ്. പുരുഷന്റെ പ്രകൃതിയല്ല സ്ത്രീക്കുള്ളത് എന്നതുകൊണ്ടുതന്നെ മനുഷ്യ മനസുകളെ സൃഷ്ടിച്ച റബ്ബ് അവർക്കുള്ള ചില നിയമങ്ങളിൽ ചില വിത്യാസങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.

സ്ത്രീയുടെ മനസ് പുരുഷന്റെ മനസിനേക്കാൾ നിർമലമായതിനാൽ പ്രയാസങ്ങളും പരീക്ഷണങ്ങളും നേരിടാൻ കഴിയാതെ മിക്കപ്പോഴും അവൾ അക്ഷമയും വിഭ്രാന്തിയും പ്രകടിപ്പിക്കുന്നു. ചില സന്ദർഭങ്ങളിൽ അവൾ അരുതാത്തത് ചെയ്തെന്നും വന്നേക്കാം. ഒരു സ്ത്രീയുടെ ഏറ്റവും വലിയ ദുഃഖം അവളുടെ ഭർത്താവിന്റെ വേർപാടാണ്. മരണത്തോടു കൂടിയുള്ള ഭർതൃ വേർപാടിൽനിന്നും അവൾ മോചിതയാവാൻ കാലങ്ങൾ തന്നെ എടുത്തേക്കാം. ഈ കാലയളവിൽ അവൾ ദുഃഖിതയാകരുത് എന്ന് കൽപ്പിക്കുകയാണെങ്കിൽ അത് അവളോട് ചെയ്യുന്ന വലിയ അനീതിയായിരിക്കും. സ്ത്രീ മനസിനെ അറിയുന്ന സ്രഷ്ടാവായ അല്ലാഹു നിശ്ചിത കാലയളവിൽ ദുഃഖം ആചരിക്കാൻ അവർക്ക് അവകാശം നൽകി.

ജീവിത കാലത്തുതന്നെ ഭർത്താവുമായി വേർപിരിഞ്ഞാൽ (ഭർത്താവ് വിവാഹ മോചനം ചെയ്താലും, അവളുടെ ആവശ്യ പ്രകാരം വിവാഹമോചനം നൽകിയാലും) ഒരു സ്ത്രീ നിശ്ചിത കാലയളവ് കഴിയാതെ മറ്റൊരു പുരുഷനുമായി വിവാഹ ബന്ധം പാടില്ല എന്ന കൽപനയിലും വലിയ യുക്തി പ്രകടമാണ്. രഹസ്യ പരസ്യങ്ങൾ അറിയുന്നവനിൽ നിന്നല്ലാതെ ഇത്തരം നിയമങ്ങൾ ഉണ്ടായിട്ടില്ല. പിറക്കുന്ന കുഞ്ഞിന്റെ പിതൃത്വം സ്ഥിരീകരിക്കുക, വിവാഹ മോചനത്തിന്റെ ദുഃഖത്തിൽ നിന്നും അവൾക്ക് മോചനം നൽകുക, മറ്റൊരു ഭർത്താവിനെ സ്വീകരിക്കുവാനുള്ള മാനസിക പക്വത ഉണ്ടാക്കിയെടുക്കുക, ഭാര്യ ഭർത്താക്കന്മാർക്ക് വീണ്ടും ഒരുമിച്ച് ജീവിക്കുവാനുള്ള അവസരം സൃഷ്ടിക്കുക, തന്റെ ജീവിത പങ്കാളിയുടെ വേർപാടിൽ ദുഃഖാചരണം നടത്തുക തുടങ്ങിയ നിരവധി യുക്തികൾ ഇദ്ദഃയിൽ ഉണ്ട്.

ഭർത്താവിന്റെ മരണാനന്തരം സ്ത്രീകൾ അനുഭവിക്കേണ്ടിവന്നിരുന്ന പീഡനങ്ങൾ വിവിധ മതങ്ങളിൽ വർണ്ണനാതീതമായിരുന്നു. പ്രവാചക നിയോഗത്തിന് മുമ്പ് ജാഹിലിയ കാലഘട്ടത്തിൽ ഭർതൃ വിയോഗം അനുഭവിച്ചിരുന്ന സ്ത്രീയുടെ ദുരനുഭവങ്ങൾ ഹദീഥുകളിൽ കാണാം. സൈനബ്(ﵺ) പറഞ്ഞു:

كَانت الْمرأةُ إِذَا توفي عنها زوجها دخلَت حفْشا ولَبِست شر ثيابِها ولَم تمس طيبا حتى تمر بِها سنةٌ ثُم تؤتى بِدابة حمارٍ أَو شاة أَو طَائرٍ فَتفْتض بِه فَقَلما تفْتض بِشيءٍ إِلا مات ثُم تخرج فَتعطَى بعرةً فَترمي ثُم تراجِع بعد ما شاءَت من طيبٍ أَو غَيرِه سئلَ مالك ما تفْتض بِه قَالَ تمسح بِه جِلْدها

"ഒരു സ്ത്രീയുടെ ഭർത്താവ് മരണപെട്ടാൽ ഒരു വർഷം വരെ അവൾ ചെറിയ ഒരു കുടിലിൽ പ്രവേശിക്കുകയും അവളുടെ വസ്ത്രത്തിൽനിന്നും ഏറ്റവും മോശമായത് ധരിക്കുകയും സുഗന്ധം ഉപയോഗിക്കാതിരിക്കുകയും ചെയ്യുമായിരുന്നു. ശേഷം ഒരു കഴുതയേയോ ആടിനേയോ പക്ഷിയേയോ കൊണ്ടു വരപ്പെടും അതിനെ  അവളുടെ ശരീരത്തിൽ ഉരസുകയും ചെയ്യും. ഏതൊന്നുകൊണ്ടാണോ അവളെ ഉരക്കുന്നത് അത് നാശമടയാതിരിക്കില്ല. ശേഷം അവൾ പുറപ്പെടും അപ്പോൾ ചാണകം അവൾക്ക് നൽകപ്പെടുകയും അതുകൊണ്ട് അവൾ എറിയുകയും ചെയ്യുന്നു. പിന്നീട് അവൾ (പഴയ അവസ്തയിലേക്ക്) മടങ്ങുകയും അവൾ ഉദ്ദേശിക്കുന്ന സുഗന്ധങ്ങളും മറ്റും ഉപയോഗിക്കുകയും ചെയ്യുന്നു. ഉരസുക എന്നാൽ എന്താണെന്ന് ഇമാം മാലിക്കിനോട് ചോദിക്കപ്പെട്ടു അദ്ദേഹം പറഞ്ഞു: അതുകൊണ്ട് അവളുടെ തൊലി തടവുക എന്നാണ്." (ബുഖാരി)

ഭർത്താവിന്റെ ചിതയിൽ ചാടി മരിക്കുന്ന സതി എന്ന ആചാരം  ഹൈന്ദവർക്കിടയിൽ നിലനിന്നിരുന്നു. കൂടാതെ ഭർത്താവ് മരിച്ച സ്ത്രീ പാലിക്കേണ്ട മറ്റുചില കടുത്ത നിയമങ്ങളെ സംബന്ധിച്ചും  ഹൈന്ദവ ഗ്രന്ഥങ്ങളിൽ പറയപ്പെട്ടിരിക്കുന്നു.

കാമം തുക്ഷ പയേ ദ്ദേഹം പുഷ്പ മൂല ഫലൈഃ ശുഭൈത
ന തു നാമാഭി ഗൃഹ്ണീ യാത്പത്യൗ പ്രേത പരസ്യതു
ആസീതാ മരണാൽ ക്ഷാന്താ നിയാതാ ബ്രഹ്മചാരിണീ
യോ ധർമ്മ ഏകപത്നീ നാം കാംക്ഷന്തീ തമനുത്തമം

(ഭർത്താവ് മരിച്ച ശേഷം പരിശുദ്ധമായ കിഴങ്ങ്, ഫലം, പുഷ്പം മുതലായ ആഹാരങ്ങൾ കൊണ്ട് ദേഹത്തിന് ക്ഷതം വരുത്തി കാലം നയിക്കേണ്ടതാണ്. കാമവികാരോദ്ദേശ്യത്തോടെ മറ്റൊരു പുരുഷന്റെ പേരുപറയരുത്. ഭർത്താവ് മരിച്ച ശേഷം ജീവിതാന്ത്യം വരെ സഹനശീലയും പരിശുദ്ധയും ബ്രഹ്മധ്യാനമുള്ളവളും മധുമാംസ ഭക്ഷണം ചെയ്യാത്തവളും ഉത്കൃഷ്ഠയും പാതിവ്രത്യം ആഗ്രഹിക്കുന്നവളും ആയി ഇരിക്കേണ്ടതാകുന്നു.  (മനുസ്മൃതി: 5: 157,158)

ഭർത്താവിന്റെ മരണം മൂലമോ വിവാഹമോചനം മൂലമോ ഭർതൃ വേർപാട് അനുഭവിക്കുന്ന സ്ത്രീകൾ ഇദ്ദഃയുമായി ബന്ധപ്പെട്ട് രണ്ട് തരക്കാരായിരിക്കും.

ഒന്ന്: **ഒരിക്കലും ഇദ്ദഃ ആചരിക്കേണ്ടാത്തവർ**
രണ്ട്: **നിർബന്ധമായും ഇദ്ദഃ ആചരിക്കേണ്ടവർ**

ഭാര്യ ഭർത്തൃ വീടുകൂടൽ നടക്കാത്ത സ്ത്രീ വിവാഹ മോചിതയായാൽ അവൾ ഇദ്ദഃ ആചരിക്കേണ്ടതില്ല. അല്ലാഹു പറയുന്നു:

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا نَكَحْتُمُ ٱلْمُؤْمِنَـٰتِ ثُمَّ طَلَّقْتُمُوهُنَّ مِن قَبْلِ أَن تَمَسُّوهُنَّ فَمَا لَكُمْ عَلَيْهِنَّ مِنْ عِدَّةٍ تَعْتَدُّونَهَا ۖ فَمَتِّعُوهُنَّ وَسَرِّحُوهُنَّ سَرَاحًا جَمِيلًا

"സത്യവിശ്വാസികളേ, നിങ്ങൾ സത്യവിശ്വാസിനികളെ വിവാഹം കഴിക്കുകയും, എന്നിട്ട് നിങ്ങളവരെ സ്പർശിക്കുന്നതിന് മുമ്പായി അവരെ വിവാഹമോചനം നടത്തുകയും ചെയ്താൽ നിങ്ങൾ എണ്ണികണക്കാക്കുന്ന ഇദ്ദഃ ആചരിക്കേണ്ട ബാധ്യത അവർക്കു നിങ്ങളോടില്ല. എന്നാൽ നിങ്ങൾ അവർക്ക് മതാഅ് നൽകുകയും, അവരെ ഭംഗിയായി പിരിച്ചയക്കുകയും ചെയ്യുക." (അൽഅഹ്സാബ്: 49)

ഇവരല്ലാത്ത മുഴുവൻ സ്ത്രീകളും ഇദ്ദഃ ആചരിക്കേണ്ടവരാണ്. പക്ഷെ അവരിൽ ഓരോരുത്തരുടേയും ഇദ്ദഃ അവരുടെ അവസ്ഥക്കനുസരിച്ച് വിത്യാസപ്പെടുന്നതാണ്.

**ഭർത്താവ് മരണപെട്ട കാരണത്താൽ ഇദ്ദഃ ആചരിക്കുന്നവൾ**

ഇത്തരം സ്ത്രീകൾ താഴെ പറയുന്ന മൂന്ന് രൂപങ്ങളിൽ ഏതെങ്കിലുമൊന്നിലായിരിക്കാം.

(1) ഭർത്താവ് മരിക്കുമ്പോൾ ഭാര്യ ഗർഭിണിയായിരിക്കുക

ഇവരുടെ ഇദ്ദഃയുടെ കാലാവധി അവൾ പ്രസവിക്കുന്നത് വരെയാണ്. അല്ലാഹു പറയുന്നു:

وَأُوْلَٰتُ ٱلْأَحْمَالِ أَجَلُهُنَّ أَن يَضَعْنَ حَمْلَهُنَّ

"ഗർഭവതികളായ സ്ത്രീകളാകട്ടെ അവരുടെ അവധി അവർ തങ്ങളുടെ ഗർഭം പ്രസവിക്കലാകുന്നു.." (അത്വലാഖ്: 4)

ഭർത്താവ് മരിച്ച് ഏതാനും മണിക്കൂറുകൾ കഴിഞ്ഞ് അവൾ പ്രസവിച്ചാലും അതോടു കൂടി അവളുടെ ഇദ്ദഃ അവസാനിക്കും. അതിനുശേഷം അവളെ മറ്റൊരാൾക്ക് വിവാഹം കഴിക്കൽ അനുവദനീയമാണ്. പ്രസവ രക്തം അവസാനിക്കുന്നതുവരെ അവളെ ലൈംഗികമായി ഭർത്താവിന് പ്രാപിക്കാൻ പാടില്ല. ഇമാം ബുഖാരി ഉദ്ധരിക്കുന്ന ഒരു സംഭവം ഇപ്രകാരമാണ്. സുബൈഅഃ ബിൻത് അൽഹാരിഥി(ﷺ)ന്റെ ഭർത്താവായിരുന്നു സഅ്ദ് ഇബ്നു ഖൗലഃ(ﷺ). ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത പ്രസിദ്ധ സ്വഹാബിയായ അദ്ദേഹം ഹജ്ജത്തുൽ വദാഇൽ മരണപ്പെടുമ്പോൾ ഭാര്യ ഗർഭിണിയായിരുന്നു. ഭർത്താവിന്റെ മരണത്തിന് ശേഷം ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവർ പ്രസവിച്ചു. അങ്ങിനെ അവർ ശുദ്ധിയായപ്പോൾ വിവാഹം അന്വേഷിക്കുന്നവർക്കുവേണ്ടി അണിഞ്ഞൊരുങ്ങി. അബുസ്സനാബിൽ ഇബ്നു ബഅ്കകും (ﷺ) വിവാഹം അന്വേഷിച്ചവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. അദ്ദേഹം അവരോട് നാല് മാസവും പത്ത് ദിവസവും ഇദ്ദഃ ആചരിക്കണമെന്ന് പറഞ്ഞപ്പോൾ അവർ നബി(ﷺ)യുടെ അടുക്കൽ ചെന്ന് അതിനെ സംബന്ധിച്ച് ചോദിച്ചു. അപ്പോൾ നബി(ﷺ) ഇപ്രകാരം മറുപടി കൊടുത്തതായി അവർ പറഞ്ഞു:

بِأني قَد حلَلْت ح وضعت حملي وأمرنِي بِالتزوجِ إنْ بدا لي – البخاري

"നിശ്ചയം ഞാൻ പ്രസവിച്ചതോടു കൂടി ഇദ്ദഃയിൽനിന്നും മോചിതയായി ഞാൻ ആഗ്രഹിക്കുന്നുവെങ്കിൽ എന്നോട് വിവാഹം കഴിക്കാൻ തിരുമേനി(ﷺ) കൽപ്പിക്കുകയും ചെയ്തു". (ബുഖാരി)

ത്വലാഖ് ചെല്ലപ്പെട്ട സ്ത്രീ ഗർഭിണിയാണെങ്കിലും ഇതേ വിധിതന്നെയാണ് അവൾക്കുമുള്ളത്. അഥവാ പ്രസവത്തോടെ അവളുടെ ഇദ്ദഃ അവസാനിക്കുന്നതാണ്.

**(2) ശാരീരിക ബന്ധത്തിലേർപ്പെടുന്നതിന് മുമ്പായി ഭർത്താവ് മരണപ്പെട്ടവൾ**

ശാരീരിക ബന്ധത്തിലേർപ്പെടുന്നതിന് മുമ്പ് ഒരാൾ ഭാര്യയെ ത്വലാഖ് ചൊല്ലിയാൽ അവൾക്ക് ഇദ്ദഃയില്ല എന്ന് മുമ്പ് സൂചിപ്പിച്ചു. എന്നാൽ ഈ അവസ്ഥയിൽ ഭർത്താവ് മരിക്കുകയാണെങ്കിൽ ഭർത്താവ് മരിച്ച സ്ത്രീയുടെ ഇദ്ദഃ (നാലുമാസവും പത്തു ദിവസവും) അവൾ ആചരിക്കണം. ഇമാം തിർമിദി ഉദ്ധരിക്കുന്ന ഒരു സംഭവം ഇപ്രകാരമാണ്:

عن ابنِ مسعود أنه سئلَ عن رجلٍ تزوج امرأةً ولَم يفْرِض لَها صداقًا ولَم يدخلْ بِها حتى مات فَقَالَ ابن مسعود لَها مثْـلُ صداقِ نِسائها لَا وكْس ولَا شطَطَ وعلَيها الْعدةُ ولَها الْم اثُ فَقَام معقلُ بن سنان الْأَشجعي فَقَالَ قَضى رسولُ الله صـلى الله علَيه وسلم في بِروع بِنت واشقٍ امرأَة منا مثْلَ الذي قَضيت فَفَرِح بِها ابن مسعود - الترمذي وصححه الألبا

"ഒരു സ്ത്രീയെ വിവാഹം കഴിക്കുകയും അവൾക്ക് മഹർ നിശ്ചയിക്കുകയോ അവളുമായി ബന്ധപ്പെടുകയോ ചെയ്യുന്നതിന് മുമ്പായി മരണമടയുകയും ചെയ്ത ഒരാളെ കുറിച്ച് അബ്ദുല്ലാഹ് ഇബ്നു മസ്ഊദ്(ﷺ)വിനോട് ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: അവൾക്ക് അവളെപ്പോലുള്ള സ്ത്രീകൾക്കുള്ള മഹർ ഉണ്ട്; കൂടുതലോ കുറവോ ഇല്ല. അവൾക്ക് ഇദ്ദഃയും അനന്തരവകാശവുമുണ്ട്. അപ്പോൾ മഅ്കൽ ഇബ്നു സിനാൻ അൽഅശ്ജഇ(ﷺ) എഴുന്നേറ്റുകൊണ്ട് പറഞ്ഞു: ഞങ്ങളുടെ കൂട്ടത്തിലുള്ള ബിർവഅ് ബിൻത് വാശിഖ് എന്ന സ്ത്രീക്ക് താങ്കൾ വിധിച്ചതുപോലെ നബി(ﷺ) വിധിച്ചിരുന്നു. അപ്പോൾ ഇബ്നു മസ്ഊദ്(ﷺ) സന്തോഷിച്ചു." (തിർമിദി)

**(3) ഈ രണ്ട് അവസ്ഥയിലുമല്ലാതെ ഭർത്താവ് മരണമടഞ്ഞ സ്ത്രീ**

കുടുംബ ജീവിതം നയിച്ചുകൊണ്ടിരിക്കെ ഭർത്താവ് മരണമടഞ്ഞു; ഭാര്യയാകട്ടെ, ഗർഭിണിയുമല്ല. അപ്പോൾ, നാല് മാസവും പത്ത് ദിവസവുമാണ് അവരുടെ ഇദ്ദഃ. അല്ലാഹു പറയുന്നു:

وَٱلَّذِينَ يُتَوَفَّوْنَ مِنكُمْ وَيَذَرُونَ أَزْوَٰجًا يَتَرَبَّصْنَ بِأَنفُسِهِنَّ أَرْبَعَةَ أَشْهُرٍ وَعَشْرًا ۖ فَإِذَا بَلَغْنَ أَجَلَهُنَّ فَلَا جُنَاحَ عَلَيْكُمْ فِيمَا فَعَلْنَ فِىٓ أَنفُسِهِنَّ بِٱلْمَعْرُوفِ ۗ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ

"നിങ്ങളിൽ ആരെങ്കിലും തങ്ങളുടെ ഭാര്യമാരെ വിട്ടേച്ചു കൊണ്ട് മരണപ്പെടുകയാണെങ്കിൽ അവർ (ഭാര്യമാർ) തങ്ങളുടെ കാര്യത്തിൽ നാലുമാസവും പത്തു ദിവസവും കാത്തിരിക്കേണ്ടതാണ്. എന്നിട്ട് അവരുടെ ആ അവധിയെത്തിയാൽ തങ്ങളുടെ കാര്യത്തിലവർ മര്യാദയനുസരിച്ച് പ്രവർത്തിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നുണ്ട്." (അൽബക്വറ: 234)

**വിവാഹമോചനത്തിലൂടെ ഭർത്താവുമായി വേർപിരിയുന്നവരുടെ ഇദ്ദഃ വിവിധ രൂപങ്ങളിലാണ്.**

**ഒന്ന്: വിവാഹ മോചിത ഗർഭിണിയാണെങ്കിൽ**

അവൾ പ്രസവിക്കുന്നതുവരേയാണ് അവളുടെ ഇദ്ദഃ എന്ന് മുമ്പ് നാം വിവരിച്ചതാണ്.

**രണ്ട്: വാർദ്ധക്യം കാരണത്താൽ ആർത്തവം നിലക്കുകയോ പ്രായം പൂർത്തിയാകാത്തതിനാൽ ആർത്തവം ഇല്ലാത്തവരോ ആയ സ്ത്രീകൾ.**

അവരുടെ ഇദ്ദഃ മൂന്ന് മാസമാണ്.[1] അല്ലാഹു പറയുന്നു:

وَٱلَّٰٓـِٔى يَئِسْنَ مِنَ ٱلْمَحِيضِ مِن نِّسَآئِكُمْ إِنِ ٱرْتَبْتُمْ فَعِدَّتُهُنَّ ثَلَٰثَةُ أَشْهُرٍ وَٱلَّٰٓـِٔى لَمْ يَحِضْنَ

"നിങ്ങളുടെ സ്ത്രീകളിൽ നിന്നും ആർത്തവത്തെ സംബന്ധിച്ച് നിരാശപ്പെട്ടിട്ടുള്ളവരെ സംബന്ധിച്ചിടത്തോളം നിങ്ങൾ അവരുടെ ഇദ്ദഃയുടെ കാര്യത്തിൽ സംശയത്തിലാണെങ്കിൽ അത് മൂന്ന് മാസമാകുന്നു. ആർത്തവമുണ്ടായിട്ടില്ലാത്തവരുടേതും അങ്ങനെ തന്നെ" (ത്വലാഖ്: 4)

[1] ഇസ്ലാമികമായ വിധികൾ പറയുന്നിടത്തെല്ലാം മാസം എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് അറബി മാസം (ചന്ദ്രമാസം) ആണ്.

**മൂന്ന്: ആർത്തവമുളള വിവാഹ മോചിത.**

അവരുടെ ഇദ്ദഃ മൂന്ന് ഖുറൂഅ് ആണ്.

അല്ലാഹു പറയുന്നു:

وَٱلۡمُطَلَّقَٰتُ يَتَرَبَّصۡنَ بِأَنفُسِهِنَّ ثَلَٰثَةَ قُرُوٓءٍ

“വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾ തങ്ങളുടെ സ്വന്തം കാര്യത്തിൽ മൂന്നു മാസമുറകൾ (കഴിയും വരെ) കാത്തിരിക്കേണ്ടതാണ്” (അൽബഖ്വറ: 228)

ഖുർഅ് എന്നത് വിപരീതാർത്ഥമുളള അറബി പദമാണ്. ശുദ്ധി കാലത്തിനും അശുദ്ധി കാലത്തിനും പ്രസ്തുത വാക്ക് ഉപയോഗിക്കപ്പെടുന്നു. അതുകൊണ്ട് തന്നെ മുൻ ആയത്തിൽ ഖുർഅ് കൊണ്ടുളള വിവക്ഷ എന്താണ് എന്നതിൽ പണ്ഡിതന്മാർ വിത്യസ്ത അഭിപ്രായക്കാരാണ്. നാല് ഖലീഫമാരടക്കം പത്തോളം സ്വഹാബിമാരുടെ അഭിപ്രായം ഖുർഅ് കൊണ്ടുളള ഉദ്ദേശം അശുദ്ധി (ആർത്തവ) സമയം എന്നാണ്.

അശുദ്ധി ഘട്ടത്തിലോ(ആർത്തവകാലം), ഭാര്യ ഭർത്താക്കന്മാർ ശാരീരിക ബന്ധം നടന്ന ശുദ്ധി ഘട്ടത്തിലോ വിവാഹ മോചനം അനുവദനീയമല്ല. എന്നാൽ ലൈംഗിക ബന്ധം നടക്കാത്ത ശുദ്ധി കാലത്താണ് ത്വലാഖ് ചെല്ലേണ്ടത്. ഖുർഇന് ശുദ്ധികാലം എന്ന് അർത്ഥം കൽപ്പിച്ചാൽ ശുദ്ധി കാലത്ത് ത്വലാക് ചെല്ലപ്പെട്ട സ്ത്രീകളുടെ ഇദ്ദഃ അതിന് ശേഷമുണ്ടാകുന്ന മൂന്നാമത്തെ ആർത്തവം തുടങ്ങുന്നതോടെ അവസാനിക്കുന്നു. അതായത് വിവാഹ മോചനം നടക്കുമ്പോഴുളള ശുദ്ധിയും ഒന്നാമത്തെ ആർത്തവത്തിന് ശേഷവും രണ്ടാമത്തെ ആർത്തവത്തിന് ശേഷവും ഉണ്ടാകുന്ന ശുദ്ധികളുംകൂടി ആകെ മൂന്ന് ഖുർഉകൾ. എന്നാൽ ഖുർഇന് ആർത്തവ കാലം അന്ന് അർത്ഥം കൽപ്പിച്ചാൽ മൂന്നാമത്തെ ആർത്തവം കഴിഞ്ഞ് അടുത്ത ശുദ്ധി ആരംഭിക്കുമ്പേഴേ മൂന്ന് ഖുർഅ് പൂർത്തിയാവുകയുളളൂ. ആർത്തവ സമയത്തിന്റെ പരിധി കൂടിയാലും കുറഞ്ഞാലും അതിനെയാണ് പരിഗണിക്കേണ്ടത്.

മടക്കിയെടുക്കാവുന്ന വിവാഹമോചിത(الطلاق الرجعي) (ഒരു പ്രാവശ്യമോ രണ്ട് പ്രാവശ്യമോ ത്വലാക് ചൊല്ലപെട്ടവളെ ഭർത്താവിന് മടക്കിയെടുക്കാവുന്നതാണ്) ഇദ്ദഃ ആചരിച്ചുകൊണ്ടിരിക്കെ അവളുടെ ഭർത്താവ് മരണപ്പെട്ടാൽ അന്നുമുതൽ ഭർത്താവ് മരണപെട്ട സ്ത്രീയുടെ ഇദ്ദഃ അവൾ ആരംഭിക്കണം. കാരണം മടക്കിയെടുക്കാവുന്ന വിവാഹമോചിതയുടെ ഭർത്താവ് അയാൾ തന്നെയാണ്. അവൾ ഇദ്ദഃ ആചരിക്കേണ്ടതും അദ്ദേഹത്തിന്റെ വീട്ടിലാണ്. അല്ലാഹു പറയുന്നു:

وَٱلۡمُطَلَّقَٰتُ يَتَرَبَّصۡنَ بِأَنفُسِهِنَّ ثَلَٰثَةَ قُرُوٓءٍۚ وَلَا يَحِلُّ لَهُنَّ أَن يَكۡتُمۡنَ مَا خَلَقَ ٱللَّهُ فِيٓ أَرۡحَامِهِنَّ إِن كُنَّ يُؤۡمِنَّ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِۚ وَبُعُولَتُهُنَّ أَحَقُّ بِرَدِّهِنَّ فِي ذَٰلِكَ إِنۡ أَرَادُوٓاْ إِصۡلَٰحٗاۚ

“വിവാഹമോചനം ചെയ്യപ്പെട്ട സ്ത്രീകൾ തങ്ങളുടെ സ്വന്തം കാര്യത്തിൽ മൂന്നു മാസമുറകൾ (കഴിയും വരെ) കാത്തിരിക്കേണ്ടതാണ്. അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണെങ്കിൽ തങ്ങളുടെ ഗർഭാശയങ്ങളിൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതിനെ അവർ ഒളിച്ചു വെക്കാൻ പാടുള്ളതല്ല. അതിനകം ( പ്രസ്തുത അവധിക്കകം) അവരെ തിരിച്ചെടുക്കാൻ അവരുടെ ഭർത്താക്കൻമാർ ഏറ്റവും അർഹതയുള്ളവരാകുന്നു; അവർ (ഭർത്താക്കൻമാർ) നിലപാട് നന്നാക്കിത്തീർക്കാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ” (അൽബഖ്വറ: 228)

ഇവിടെ ഇദ്ദഃയിലിരിക്കുന്ന സ്ത്രീകളെ തിരിച്ചെടുക്കാൻ ഏറ്റവും അർഹതയുളളവരെ സംബന്ധിച്ച് പറഞ്ഞപ്പോൾ അവരുടെ ഭർത്താക്കന്മാർ എന്ന വാക്കാണ് ക്വുർആൻ ഉപയോഗിച്ചത്.

**നാല്: ഖുൽഅ് ചെയ്യപെട്ടവളുടെ ഇദ്ദഃ**

ഭർത്താവിന്റെ മതപരമോ ശാരീരികമോ സ്വഭാവപരമോ മറ്റോ കാരണങ്ങളാൽ ഭാര്യക്ക് അയാളുമായി ഒത്തുപോകാൻ സാധിക്കാതെ വന്നാൽ അയാൾ നൽകിയ മഹ്റോ മറ്റോ അയാൾക്ക് തിരിച്ചു നൽകി ഭാര്യ അയാളിൽനിന്ന് വിവാഹ മോചനം തേടുന്നതിനാണ് ഖുൽഅ് എന്ന് പറയുക. ഖുൽഅ് ത്വലാഖായിട്ടാണോ അതല്ല ഫസ്ഖ് ആയിട്ടാണോ പരിഗണിക്കുക എന്നതിൽ പണ്ഡിതന്മാർക്കിതയിൽ വീക്ഷണ വിത്യാസം ഉള്ളതിനാൽ ഖുൽഅ് ചെയ്യപെട്ട സ്ത്രീകളുടെ ഇദ്ദഃയുടെ കാര്യത്തിലും അഭിപ്രായ വിത്യാസം ഉണ്ട്. ഖുൽഇനെ ത്വലാഖായി പരിഗണിക്കുന്നവരുടെ അഭിപ്രായപ്രകാരം അവർ മൂന്ന് ഖുറൂഅ് ഇദ്ദഃയിലിരിക്കണം. എന്നാൽ ഖുൽഅ് ഫസ്ഖായി പരിഗണിക്കുന്ന പണ്ഡിതന്മാരുടെ അഭിപ്രായ പ്രകാരം അവർ ഗർഭിണികളല്ല എന്ന് അറിയാനായി ഒരു ഖുർഅ് വരെയാണ് ഇദ്ദഃ ആചരിക്കേണ്ടത്. ഏറ്റവും ശരിയായ അഭിപ്രായമായി തോന്നുന്നത് ഖുൽഅ് ഫസ്ഖായി പരിഗണിച്ച് അവർ ഒരു ഖുർഅ് ഇദ്ദഃയിലിരിക്കണമെന്നാണ്. والله أعلم

ഇബ്നു അബ്ബാസ് (﵁)വിൽനിന്നും നിവേദനം:

أن امرأةَ ثَابِت بنِ قَيسٍ اختلَعت منه فَجعلَ النبِى -صلى ا عليه وسلم- عدتها حيضةً.- أبوداود وصححه الألبا

"ഥാബിത് ഇബ്നുഖൈസി(﵁)ന്റെ ഭാര്യ അദ്ദേഹത്തിൽനിന്നും ഖുൽആയി അപ്പോൾ നബി(ﷺ) അവരുടെ ഇദ്ധ ഒരു ആർത്തവ സമയമാക്കി." (അബൂദാവൂദ്)

ഇബ്നു അബീശൈബ ഇബ്നു ഉമർ(﵁)വിൽനിന്നു നിവേദനം ചെയ്യുന്ന ഒരു സംഭവം ഇപ്രകാരമാണ്.

أن الربيع اختلعت من زوجها فأتى عمها عثمان فقال : تعتد يضة ، وكان ابن عمر يقول : تعتد ثـلاث حيض ح قال هذا عثمان فكان يفـ به ويقول : خ نا وأعلمنا.- مصنف ابن أ شيبة

നിശ്ചയം റുബയ്യിഅ് ബിൻത് മുഅവ്വിദ് (﵂) അവരുടെ ഭർത്താവിൽനിന്നും ഖുൽഇലൂടെ വിവാഹമോചനം തേടി, അങ്ങിനെ പിതൃസഹോദരനായ ഉഥ്മാൻ ഇബ്നു അഫാൻ(﵁) വിന്റെ അടുക്കൽ വന്നു അപ്പോൾ ഒരു അശുദ്ധികാലം ഇദ്ധയിലിരിക്കുവാൻ അദ്ദേഹം അവരോട് പറഞ്ഞു. ഉസ്മാൻ(﵁) അത് പറയുന്നതുവരെ മൂന്ന് ആർത്തവ സമയം വരെ അവർ ഇദ്ദഃയിലിരിക്കണം എന്നാണ് ഇബ്നു ഉമർ(﵁) പറഞ്ഞിരുന്നത്. അപ്പോൾ അദ്ദേഹം അപ്രകാരം (ഉഥ്മാൻ(﵁) പറഞ്ഞ പ്രകാരം) മതവിധി കൊടുക്കുക യും ഉഥ്മാൻ(﵁) ഞങ്ങളിലെ ഉത്തമനും ഞങ്ങളിലെ ഏറ്റവും വിവരമുള്ളവനുമാണ് എന്നുപറയുകയും ചെയ്തു. (മുസ്വന്നഫ് ഇബ്നു അബീ ശൈബഃ)

മുകളിൽ വിവരിച്ചതല്ലാത്ത ചില സ്ത്രീകളുടെ ഇദ്ദഃയെ സംബന്ധിച്ചും കർമ ശാസ്ത്ര പണ്ഡിതന്മാർ ചർച്ച ചെയ്തിട്ടുണ്ട്. ഉദാഹരണമായി ആർത്തവം നിലക്കാൻ പ്രായമാകാതെ തന്നെ നിലച്ചു പോയ സ്ത്രീകളുടെ ഇദ്ദഃ; ഭർത്താവ് ജീവിച്ചിരിക്കുന്നുവോ ഇല്ലേ എന്നറിയാതെ ജീവിതം കഴി ച്ചുകൂട്ടുന്നവൾ ഭർത്താവ് മരണപെട്ടു എന്നുറപ്പിച്ച് ഇദ്ദഃ ആചരിക്കേണ്ടതുണ്ടോ? ഉണ്ടെങ്കിൽ, എന്നുമുതൽക്കാണ് അവൾ ഇദ്ദഃ ആചരിക്കേണ്ടത്? ഇദ്ദഃയുടെ കാലാവധി എത്രയാണ്? പ്രായപൂർ ത്തി ആയിട്ടും ആർത്തവം വന്നിട്ടില്ലാത്തവളുടെ ഇദ്ദഃ; ഭാര്യ അഹ്‌ലു കിതാബിൽ പെട്ടവളാണെങ്കിൽ അവളുടെ ഇദ്ദഃ തുടങ്ങിയവ അവയിൽ ചിലതാണ്. കൂടുതൽ വിവരങ്ങൾക്ക് കർമശാസ്ത്ര ഗ്രന്ഥങ്ങൾ അവലംബിക്കേണ്ടതാണ്.

**എവിടെയാണ് ഇദ്ദഃ ആചരിക്കേണ്ടത്**

മടക്കിയെടുക്കാവുന്ന വിവാഹ മോചിത (طلاق رجعي) ഗർഭിണിയാണെങ്കിലും അല്ലെങ്കിലും ശരി വിവാഹമോചനം ചെയ്ത ഭർത്താവ് അവൾക്ക് ചിലവിന് കൊടുക്കുകയും താമസിക്കാൻ സൗകര്യം നൽകുകയും ചെയ്യണം. ഇദ്ദഃ കാലം പ്രസ്തുത വീട്ടിലാണ് അവൾ കഴിച്ചുകൂട്ടേണ്ടത്. അല്ലാഹു പറയുന്നു:

يَـٰٓأَيُّهَا ٱلنَّبِىُّ إِذَا طَلَّقْتُمُ ٱلنِّسَآءَ فَطَلِّقُوهُنَّ لِعِدَّتِهِنَّ وَأَحْصُوا۟ ٱلْعِدَّةَ ۖ وَٱتَّقُوا۟ ٱللَّهَ رَبَّكُمْ ۖ لَا تُخْرِجُوهُنَّ مِنۢ بُيُوتِهِنَّ وَلَا يَخْرُجْنَ إِلَّآ أَن يَأْتِينَ بِفَـٰحِشَةٍ مُّبَيِّنَةٍ

"നബിയേ, നിങ്ങൾ (വിശ്വാസികൾ) സ്ത്രീകളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അവരെ നിങ്ങൾ അവരുടെ ഇദ്ദഃ കാലത്തിന് (കണക്കാക്കി) വിവാഹമോചനം ചെയ്യുകയും ഇദ്ദഃ കാലം നിങ്ങൾ എണ്ണികണക്കാക്കുകയും ചെയ്യുക. നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക. അവരുടെ വീടുകളിൽ നിന്ന് അവരെ നിങ്ങൾ പുറത്താക്കരുത്. അവർ പുറത്തു പോകുക യും ചെയ്യരുത്. പ്രത്യക്ഷമായ വല്ല നീചവൃത്തിയും അവർ ചെയ്യുകയാണെങ്കിലല്ലാതെ" (ത്വലാക്വ്:1)

ഭർത്താവൊത്ത് അവൾ കഴിഞ്ഞുകൂടിയിരുന്ന വീടിനെ അവളിലേക്ക് ചേർത്തികൊണ്ടാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. ആ വീട്ടിലാണ് അവൾ ഇദ്ദഃയിരിക്കേണ്ടതും. അല്ലാഹു പറയുന്നു:

أَسْكِنُوهُنَّ مِنْ حَيْثُ سَكَنتُم مِّن وُجْدِكُمْ

"നിങ്ങളുടെ കഴിവിൽപെട്ട, നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് നിങ്ങൾ അവരെ താമസിപ്പിക്കണം." (ത്വലാക്വ്: 6)

മടക്കിയെടുക്കാൻ കഴിയാത്ത രൂപത്തിൽ വിവാഹമോചനം ചെയ്യപെട്ടവളാണെങ്കിൽ (طلاق بائن) അവൾ ഗർഭിണിയാണെങ്കിൽ അവൾക്ക് ചിലവിന് കൊടുക്കൽ അനിവാര്യമാണ്. എന്നാൽ അവൾ ഗർഭിണിയല്ലെങ്കിൽ താമസമോ ചിലവുകളോ അവൾക്കില്ല.

وَإِن كُنَّ أُو۟لَـٰتِ حَمْلٍ فَأَنفِقُوا۟ عَلَيْهِنَّ حَتَّىٰ يَضَعْنَ حَمْلَهُنَّ

"അവർ ഗർഭിണികളാണെങ്കിൽ അവർ പ്രസവിക്കുന്നത് വരെ നിങ്ങൾ അവർക്കു ചെലവുകൊടുക്കു കയും ചെയ്യുക..." (ത്വലാക്വ്: 6)

ഇബ്നു അബ്ബാസി(ﷺ)ന്റെയും, മുൻഗാമികളിൽനിന്നും പിൻഗാമികളിൽനിന്നും ഒരു വിഭാഗം പണ്ഡിതന്മാരുടേയും അഭിപ്രായപ്രകാരം ഇവിടെ പരാമർശിക്കപ്പെടുന്നത് മടക്കിയെടുക്കാൻ കഴി യാത്ത രൂപത്തിൽ വിവാഹമോചനം ചെയ്യപെട്ടവളെ കുറിച്ചാകുന്നുവെന്നാണ്. കാരണം മടക്കിയെടു ക്കാവുന്ന രൂപത്തിൽ വിവാഹമോചനം ചെയ്യപെട്ടവൾ ഗർഭിണിയാണെങ്കിലും അല്ലെങ്കിലും അവൾക്ക് ഭർത്താവ് ചിലവിന് കൊടുക്കൽ അനിവാര്യമാണ്. ഫാത്വിമത് ബിൻത് ക്വൈസി(ﷺ)നെ ഭർത്താവ് അബൂഹഫ്സ്(ﷺ) പൂർണ്ണമായി വിവാഹമോചനം (ബാഇനായ ത്വലാക്വ്) ചെയ്തപ്പോൾ നബി(ﷺ) അവരോട് പറഞ്ഞു:

لاَ نفَقَةَ لَكِ إلا أَنْ تكُونِى حاملاً - أبوداود وصححه الألبا

"നീ ഗർഭിണിയാണെങ്കിലല്ലാതെ നിനക്ക് (അയാളിൽനിന്നും) ചിലവ് ഉണ്ടായിരിക്കുന്നതല്ല." (അബൂദാവൂദ്)

ഇമാം മുസ്‌ലിമിന്റെ റിപ്പോർട്ടിൽ ഇപ്രകാരമാണ്:

لاَ نفَقَةَ لَكِ ولاَ سكْنى - مسلم

"നിനക്ക് (അയാളിൽനിന്നും) ചിലവും പാർപ്പിടവും ഉണ്ടായിരിക്കുന്നതല്ല" (മുസ്‌ലിം)

ഭർത്താവ് മരണപെട്ടതിനാൽ ഇദ്ദഃ ആചരിക്കുന്നവളാണെങ്കിൽ ഭർത്താവുമൊത്ത് കഴിഞ്ഞിരുന്ന വീട്ടിലാണ് (മരണ വാർത്ത അറിയുമ്പോൾ അവൾ താമസിക്കുന്ന വീട്) ഇദ്ദഃ ആചരിക്കേണ്ടത്. അബൂസഈദുൽ ഖുദ്‌രിയ്യ്(ﷺ)വിന്റെ സഹോദരി ഫുറൈഅ ബിൻത് മാലിക്(ﷺ)യുടെ ഭർത്താവ് മരണമടഞ്ഞപ്പോൾ അവർ തിരുമേനി(സ)യോട് ഇപ്രകാരം ചോദിച്ചു; എന്റെ ഭർത്താവ് താമസ സ്ഥലമോ ചിലവിനുള്ളതോ വിട്ടേച്ചുകൊണ്ടല്ല മരണപെട്ടുപോയത് അതിനാൽ ഞാൻ എന്റെ കുടുംബത്തിലേക്ക് മടങ്ങിപോകട്ടെയോ?. പ്രവാചകൻ(ﷺ) ആദ്യം അവർക്ക് അനുമതി കൊടുത്തുവെങ്കിലും ശേഷം അവരെ തിരികെ വിളിച്ചുകൊണ്ട് പറഞ്ഞു;

امكُثي في بيتك حتى يبلُغَ الْكتاب أجلَه – الترمذي وصححه الألبا

"നിയമപ്രകാരമുള്ള അവധി (ഇദ്ദഃ) പൂർത്തിയാകുന്നത് വരെ നീ നിന്റെ വീട്ടിൽ താമസിക്കുക" (തിർമിദി)

വീട് തകരുകയോ തീ പിടിക്കുകയോ ചെയ്യുക, ശത്രു ഭയം ഉണ്ടാവുക, കള്ളന്മാരും സാമൂഹ്യ ദ്രോഹികളും കൈയ്യേറും എന്ന് ഭയമുണ്ടാവുക, അനന്തരവകാശികൾ വീട്ടിൽനിന്നും പുറത്താക്കുക, വാടക വീടാണെങ്കിൽ ഉടമസ്ഥൻ ഒഴിയാൻ ആവശ്യപ്പെടുക തുടങ്ങിയ കാരണത്താലല്ലാതെ അവൾ ഭർത്താവുമൊത്ത് താമസിച്ചിരുന്ന വീട്ടിൽനിന്നും പുറത്ത് ഇദ്ദഃയിരിക്കുവാൻ പാടില്ല.

ഖുൽഅ് ചെയ്യപെട്ടവൾക്ക് താമസമോ ചിലവോ ഭർത്താവ് നൽകേണ്ടതില്ല. എന്നാൽ അവൾ ഗർഭിണിയാണെങ്കിൽ ചിലവിന് കൊടുക്കാം. അല്ലെങ്കിൽ ഭർത്താവിന്റെ ഇഷ്ടാനുസരണം ചെയ്യാം.

**ഇദ്ദഃയിൽ ഇരിക്കുന്നവളുടെ വിധികൾ**

അവളോട് വിവാഹാന്വേഷണം നടത്താൻ പാടില്ല.

അല്ലാഹു പറയുന്നു:

وَلَا جُنَاحَ عَلَيْكُمْ فِيمَا عَرَّضْتُم بِهِۦ مِنْ خِطْبَةِ ٱلنِّسَآءِ أَوْ أَكْنَنتُمْ فِىٓ أَنفُسِكُمْ ۚ عَلِمَ ٱللَّهُ أَنَّكُمْ سَتَذْكُرُونَهُنَّ وَلَٰكِن لَّا تُوَاعِدُوهُنَّ سِرًّا إِلَّآ أَن تَقُولُوا۟ قَوْلًا مَّعْرُوفًا

"(ഇദ്ദഃയുടെ ഘട്ടത്തിൽ) ആ സ്ത്രീകളുമായുള്ള വിവാഹാലോചന നിങ്ങൾ വ്യംഗ്യമായി സൂചിപ്പിക്കുകയോ, മനസ്സിൽ സൂക്ഷിക്കുകയോ ചെയ്യുന്നതിൽ നിങ്ങൾക്ക് കുറ്റമില്ല. അവരെ നിങ്ങൾ ഓർത്തേക്കുമെന്ന് അല്ലാഹുവിന്നറിയാം. പക്ഷെ നിങ്ങൾ അവരോട് മര്യാദയുള്ള വല്ല വാക്കും പറയുക എന്നല്ലാതെ രഹസ്യമായി അവരോട് യാതൊരു നിശ്ചയവും ചെയ്തു പോകരുത്." (അൽബഖ്വറ:235)

1. വിവാഹം കഴിക്കാൻ പാടില്ല

അല്ലാഹു പറയുന്നു:

وَلَا تَعْزِمُوا۟ عُقْدَةَ ٱلنِّكَاحِ حَتَّىٰ يَبْلُغَ ٱلْكِتَٰبُ أَجَلَهُۥ

“നിയമപ്രകാരമുള്ള അവധി (ഇദ്ദഃ) പൂർത്തിയാകുന്നത് വരെ (വിവാഹമുക്തകളുമായി) വിവാഹബന്ധം സ്ഥാപിക്കാൻ നിങ്ങൾ തീരുമാനമെടുക്കരുത്”. (അൽബക്വറ:235)

2. അത്യാവശ്യ കാര്യങ്ങൾക്കുവേണ്ടിയല്ലാതെ വീട്ടിൽനിന്നും പുറത്ത് പോകാൻ പാടില്ല.

അല്ലാഹു പറയുന്നു:

لَا تُخْرِجُوهُنَّ مِنۢ بُيُوتِهِنَّ وَلَا يَخْرُجْنَ إِلَّآ أَن يَأْتِينَ بِفَـٰحِشَةٍ مُّبَيِّنَةٍ ۚ وَتِلْكَ حُدُودُ ٱللَّهِ ۚ وَمَن يَتَعَدَّ حُدُودَ ٱللَّهِ فَقَدْ ظَلَمَ نَفْسَهُ

“അവരുടെ വീടുകളിൽ നിന്ന് അവരെ നിങ്ങൾ പുറത്താക്കരുത്. അവർ പുറത്തു പോകുകയും ചെയ്യരുത്. പ്രത്യക്ഷമായ വല്ല നീചവൃത്തിയും അവർ ചെയ്യുകയാണെങ്കിലല്ലാതെ. അവ അല്ലാഹുവിന്റെ നിയമപരിധികളാകാകുന്നു. അല്ലാഹുവിന്റെ നിയമപരിധികളെ വല്ലവനും അതിലംഘിക്കുന്ന പക്ഷം, അവൻ അവനോട് തന്നെ അന്യായം ചെയ്തിരിക്കുന്നു” (ത്വലാക്വ്: 1)

ജാബിർ(ﷺ) പറയുമായിരുന്നു:

طُلِّقَت خالَتى فَأَرادت أَنْ تجد نخلَها فَزجرها رجلٌ أَنْ تخرج فَأَتت النبى -صلى ا عليه وسلم- فَقَالَ « بلَى فَجدى نخلَك فَإِنك عسى أَنْ تصدقى أَو تفْعلى معروفًا - مسلم

“എന്റെ മാതൃസഹോദരി (മൂന്ന് തവണ) ത്വലാഖ് ചൊല്ലപ്പെട്ടു. അവർ അവരുടെ ഈത്തപ്പന (ഈത്തപ്പഴം) പറിക്കാൻ ഉദ്ദേശിച്ചു. അപ്പോൾ അവർ പുറപ്പെടുന്നത് ഒരാൾ തടഞ്ഞു. അങ്ങിനെ അവർ നബി(ﷺ)യുടെ അടുക്കൽ വന്നു. അപ്പോൾ നബി(ﷺ) അവരോട് പറഞ്ഞു: അതെ നിന്റെ ഈത്തപ്പന (ഈത്തപ്പഴം) നീ പറിച്ചുകൊള്ളുക, നീ അത് ദാനം ചെയ്യുകയോ അല്ലെങ്കിൽ അതുകൊണ്ട് വല്ല നന്മ പ്രവർത്തിക്കുകയോ ചെയ്തേക്കാം.” (മുസ്ലിം)

**ഭർത്താവ് മരണപെട്ടവൾ**

മുകളിൽ പറഞ്ഞ നിയമങ്ങൾക്ക് പുറമെ ഭർത്താവ് മരണപെട്ട സ്ത്രീക്ക് വിവാഹമോചിതക്കില്ലാത്ത ചില നിയമങ്ങൾ കൂടി ഇസ്ലാം അനുശാസിക്കുന്നു. ഭർത്താവിനോടൊപ്പം ചിതയിൽ ചാടി മരിക്കുന്ന നിയമങ്ങൾ പോലെയോ അല്ലെങ്കിൽ അവൾ ഒരിക്കലും ഇനി വിവാഹിതയാകുവാൻ പാടില്ല എന്ന നിയമമോ ഇസ്ലാം അവളോട് കൽപ്പിക്കുന്നില്ല. മറിച്ച് മരണപെട്ട ഭർത്താവിന്റെ വിയോഗത്താൽ അവൾക്ക് ദുഃഖാചരണം നടത്തുവാനും വിരക്തയായി അൽപ്പകാലം കഴിഞ്ഞുകൂടുവാനും പറയുക വഴി അവളുടെ മനസിന് സാന്ത്വനം നൽകുകയാണ് ഇസ്ലാം ചെയ്യുന്നത്.

إحداد (ഇഹ്ദാദ്) എന്നാണ് ഈ ദുഃഖാചരണത്തിന് അറബിയിൽ പറയപ്പെടുന്നത്. തടയുക എന്ന് അർത്ഥമുള്ള حد എന്ന വാക്കിൽ നിന്നാണ് ആ വാക്കിന്റെ ഉൽഭവം. മറയിലിരിക്കുക എന്ന് നാം അതിന് പൊതുവെ പറയാറുള്ളത്. ദുഃഖം പ്രകടിപ്പിക്കാനായി ഭർത്താവ് മരണമടഞ്ഞ സ്ത്രീ അണിഞ്ഞൊരുങ്ങുകയോ സൗന്ദര്യ വസ്തുക്കൾ ഉപയോഗിക്കുകയോ ചെയ്യാതെ ഇദ്ദഃയിലിരിക്കുക എന്നതാണ് ഇതിന്റെ വിവക്ഷ. ഭർത്താവ് മരണപെട്ട സ്ത്രീക്ക് ഇത് നിർബന്ധമാണ് എന്നതിലും മടക്കിയെടുക്കാവുന്ന വിവാഹമോചിതക്ക് ഇത് നിർബന്ധമില്ല എന്നതിലും പണ്ഡിതന്മാർ യോജിക്കുന്നു. ഇഹ്ദാദുമായി ബന്ധപെട്ട് പല തെറ്റിദ്ധാരണകളും സമൂഹത്തിൽ നിലനിൽക്കുന്നു. വീട്ടിന്റെ ഉള്ളിൽ നിന്നും ഒരിക്കലും അവൾക്ക് പുറത്തിറങ്ങാൻ പാടില്ല, പ്രത്യേക വസ്ത്രം ധരിക്കണം, പുരുഷന്മാരോട് സംസാരിക്കാൻ പാടില്ല... തുടങ്ങിയവ അത്തരം ചില അബദ്ധ ധാരണകളിൽ പെട്ടതാണ്. ഇഹ്ദാദിൽ ഇരിക്കുന്ന സ്ത്രീ ദുഃഖ സൂചകമായി തീവ്രത കാണിക്കുകയോ ലാഘവത്തോടെ നിയമങ്ങൾ തിരസ്ക

രിക്കുകയോ ചെയ്യാതെ മതം നിർദേശിച്ച പിരിധിയിലായിരിക്കണം ജീവിക്കേണ്ടത്. മരണപെട്ടവർക്കു വേണ്ടിയുള്ള ദുഃഖത്തിന്റെ പേരിൽ ആർത്തട്ടഹസിക്കുന്നതും വസ്ത്രം വലിച്ചു കീറുന്നതും നാശത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതും മുഖത്തടിക്കുന്നതുമെല്ലാം ഇസ്‌ലാം വിലക്കിയിരിക്കുന്നു.

നബി(ﷺ) പറഞ്ഞു:

اثْنتان فى الناسِ هما بِهِم كُفْر الطعن فى النسبِ والنياحةُ علَى الْميت - مسلم

"ജനങ്ങളിൽ രണ്ട് കാര്യങ്ങളുണ്ട്. അത് അവരിലുള്ള അവിശ്വാസമാണ്. തറവാട് കുത്തിപ്പറയലും മരണ പെട്ടവരുടെ മേലിലുള്ള അലമുറയുമാണത്." (മുസ്‌ലിം )

നബി(ﷺ) പറഞ്ഞു:

لَيس منا من لَطَم الْخدود وشق الْجيوب ودعا بِدعوى الْجاهلية - البخاري

"മയ്യിത്തിന്റെ പേരിൽ (വിലപിച്ച് കൊണ്ട്) കവിളത്തടിക്കുകയും മാറിടം പിളർക്കുകയും ജാഹിലിയ്യാ കാലത്തെ അലമുറയിടുന്നവർ നമ്മിൽപ്പെട്ടവരല്ല." (ബുഖാരി)

അബൂ ഉമാമ(ﷺ) പറഞ്ഞു:

أن رسولَ الله صلى الله علَيه وسلم لَعن الْخامشةَ وجهها والشاقةَ جيبها والداعيةَ بِالْويلِ والثبور- ابن ماجه

"മുഖം മാന്തിക്കീറുന്നവളേയും മാറിടം കീറുന്നവളേയും നാശവും ശാപവും വിളിച്ചു പറയുന്നവളേയും പ്രവാചകൻ(ﷺ) ശപിച്ചിരിക്കുന്നു." (ഇബ്നുമാജ.)

അനസ്(ﷺ)വിനെ തൊട്ട് നിവേദനം. അദ്ദേഹം പറഞ്ഞു:

أن رسولَ الله صلى الله علَيه وسلم أخذَ علَى النساءِ حـ بايعهن أَنْ لَا ينحن فَقُلْن يا رسولَ الله إن نِساءً أسعدننا في الْجاهلية أَفَنسعدهن فَقَالَ رسولُ الله صلى الله علَيه وسلم لَا إسعاد في الْإسلَامِ - الترمذي

"നബി(ﷺ) സ്ത്രീകൾ ബൈഅത്ത് ചെയ്തപ്പോൾ മരണവീട്ടിൽ മുറവിളി നടത്തുകയില്ലെന്ന് അവരോട് കരാർ വാങ്ങുകയുണ്ടായി. അപ്പോൾ അവർ ചോദിച്ചു? അല്ലാഹുവിന്റെ റസൂലേ, അനിസ്‌ലാമിക കാലത്ത് കൂട്ടകരച്ചിലിൽ ഞങ്ങളെ ചില സ്ത്രീകൾ സഹായിച്ചിട്ടുണ്ട്. അവർ കരയുമ്പോൾ അവരെ സഹായിച്ച് കൂടെ ഞങ്ങൾക്കും കരയാമോ? പ്രവാചകൻ(ﷺ) പറഞ്ഞു, ഇസ്‌ലാമിൽ കൂട്ടകരച്ചിലില്ല." (തിർമിദി,)

നബി(ﷺ) പറഞ്ഞു:

النائحةُ إذَا لَم تتب قَبلَ موتها تقَام يوم الْقيامة وعلَيها سربالٌ من قَطران ودرع من جربٍ - مسلم

"അലമുറ കൂട്ടുന്നവൾ മരിക്കുന്നതിന് മുമ്പ് തൗബ ചെയ്തിട്ടില്ലെങ്കിൽ അന്ത്യനാളിൽ അവളുടെ മേൽ കീൽകൊണ്ടുള്ള വസ്ത്രവും ചൊറിയുന്ന കുപ്പായവുമുണ്ടായിരിക്കും." (മുസ്‌ലിം)

സ്ത്രീകൾക്ക് മാത്രം ബാധകമാണ് ഇഹ്ദാദ്. പുരുഷന് പ്രസ്തുത നിയമം ബാധകമല്ല. മരണപെട്ട ഭർത്താവിനു വേണ്ടി നാല് മാസവും പത്ത് ദിവസവും പിതാവ് മക്കൾ തുടങ്ങിയ ബന്ധുക്കൾക്കും ഉടയവർക്കും വേണ്ടി മൂന്ന് ദിവസവുമാണ് സ്ത്രീ ദുഃഖമാചരിക്കേണ്ടത്.

നബി(ﷺ) പറഞ്ഞു:

لَا يحل لامرأة تؤمن بِالله والْيوم الْآخر أنْ تحد علَى ميت فَوق ثَلَاث إِلا علَى زوجٍ فَإِنها تحد علَيه أَربعةَ أَشهرٍ وعشرا. - البخاري

"അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു സ്ത്രീക്ക് ഒരു മയ്യിത്തിനുവേണ്ടി മൂന്ന് ദിവസത്തിന് മുകളിൽ ദുഃഖമാചരിക്കാൻ പാടില്ല. ഭർത്താവിനു വേണ്ടിയല്ലാതെ, അദ്ദേഹത്തിനുവേണ്ടി നാല് മാസവും പത്ത് ദിവസവും ദുഃഖം ആചരിക്കണം." (ബുഖാരി)

ദുഃഖാചരണത്തിന്റെ പേരിൽ ഇന്ന് സമൂഹത്തിൽ പലതും നടന്നുവരുന്നു എന്നത് ഒരു വസ്തുതയാണ്. നേതാക്കന്മാർ മരണപെട്ടാൽ നിശ്ചിത ദിവസങ്ങൾ പൊതു അവധി പ്രഖ്യാപിക്കുക, കറുത്ത വസ്ത്രമോ വസ്ത്രത്തിൽ കറുത്ത അടയാളമോ ധരിക്കുക, രാഷ്ട്രത്തിന്റെ പതാക പകുതി താഴ്ത്തി കെട്ടുക, വാർത്താ സംപ്രേഷണ കേന്ദ്രങ്ങളിൽ ശോക മൂകമായ മ്യൂസിക് ആലപിക്കുക, അനുശോചന യോഗങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയ ഉദാഹരണങ്ങളാണ്. എന്നാൽ ക്വുർആനും നബിചര്യയും അനുസരിച്ച് ജീവിക്കണം എന്ന് ആഗ്രഹിക്കുന്നവർക്ക് ഇവക്കുള്ള തെളിവുകൾ പ്രമാണങ്ങളിൽ കണ്ടെത്താൻ കഴിയില്ല. മുൻഗാമികൾ അത്തരം ഒരു മാതൃക നമുക്ക് വിട്ടേച്ച് തന്നിട്ടുമില്ല. മറ്റു മതാനുയായികളുടെ ആചാരങ്ങൾ അനുധാവനം ചെയ്യാൻ നാം കൽപ്പിക്കപെട്ടിട്ടുമില്ല.

ഇഹ്ദാദിൽ കഴിയുന്നവൾ പാലിക്കേണ്ട നിയമങ്ങൾ

1 സുഗന്ധം ഉപയോഗിക്കരുത്.

അന്യ പുരുഷന്മാർക്ക് അനുഭവിക്കാവുന്ന രൂപത്തിൽ സ്ത്രീകൾ സുഗന്ധം ഉപയോഗിക്കാൻ പാടില്ലാത്തതിനാൽ വീടിന് പുറത്തേക്കിറങ്ങുമ്പോൾ അവർക്ക് സുഗന്ധം ഉപയോഗിക്കൽ നിഷിദ്ധമാണ്.

നബി(ﷺ) പറഞ്ഞു:

أَيما امرأَة استعطَرت ثُم مرت علَى الْقَومِ ليجِدوا رِ ها فَهِي زانِيةٌ – أ د وحسنه الألبا

"തന്റെ വാസന സമൂഹമറിയണമെന്ന ഭാവത്തോടെ സുഗന്ധം പൂശി സമൂഹത്തിലൂടെ നടക്കുന്ന സ്ത്രീ വ്യഭിചാരിണിയാണ്." (അഹ്മദ്)

പ്രവാചകൻ(ﷺ) പറഞ്ഞു:

أَيما امرأَة تطَيبت ثُم خرجت إِلَى الْمسجِد لَم تقْبلْ لَها صلَاةٌ حتى تغتسِلَ – ابن ماجه وحسنه الألبا

"ഏതൊരു സ്ത്രീയാണോ സുഗന്ധം പൂശി പള്ളിയിലേക്ക് പുറപ്പെടുന്നത് അവൾ കുളിക്കുന്നതു വരെ അവളുടെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല." (ഇബ്നുമാജ)

സ്ത്രീകൾക്ക് വീട്ടിൽ പരിമള വസ്തുകൾ ഉപയോഗിക്കാമെങ്കിലും ഇഹ്ദാദ് അനുഷ്ഠിക്കുന്ന സ്ത്രീ സുഗന്ധം ഉപയോഗിക്കാൻ പാടില്ല. ആർത്തവ വിരാമത്തോടനുബന്ധിച്ച് ദുർഗന്ധം ഒഴിവാക്കുവാൻ അൽപം ഉപയോഗിക്കുന്നതിന് കുഴപ്പമില്ല.

നബി(ﷺ) പറഞ്ഞു:

لاَ تحد امرأَةٌ علَى ميت فَوق ثَلاَث إِلا علَى زوجٍ أَربعةَ أَشهرٍ وعشرا ولاَ تلْبس ثَوبا مصبوغًا إِلا ثَوب عصبٍ ولاَ تكْتحلُ ولاَ تمس طيبا إِلا إِذَا طَهرت نبذَةً من قُسط أَو أَظْفَارٍ – مسلم

“മൂന്ന്(ദിവസത്തിൽ) ഉപരിയായി ഒരു സ്ത്രീ മയ്യിത്തിനുവേണ്ടി ദുഃഖമാചരിക്കരുത്, ഭർത്താവിനൊഴിച്ച് (അതിന്) നാല് മാസവും പത്ത് ദിവസവുമാണ്. അവൾ മഞ്ഞ ചായം മുക്കിയ വസ്ത്രം ധരിക്കരുത്. അസ്ബ (ഒരു യമനി വസ്ത്രം) ഒഴിച്ച്. അവൾ സുറുമയിടരുത്, സുഗന്ധം ഉപയോഗിക്കരുത്. എന്നാൽ (അശുദ്ധിയിൽനിന്നും) ശുദ്ധിയായാൽ അൽപം ഖുസ്ത്തോ അള്ഫാറോ (ഇവ രണ്ടും ഒരു തരം സുഗന്ധങ്ങളാണ്) ഉപയോഗിക്കാം.” (മുസ്‌ലിം)

2 ഭംഗിയുടെ വസ്ത്രം ധരിക്കൽ

ഇഹ്ദാദിൽ ഇരിക്കുന്ന സ്ത്രീക്ക് ഭംഗിയുടെ ഉടയാടകൾ അണിയാൻ പാടില്ലെന്ന് മുൻ സൂചിപ്പിച്ച ഹദീഥിൽനിന്നും വ്യക്തമാണ്. ഉമ്മുസലമ(ﷺ)യിൽനിന്നും ഇമാം അബൂദാവൂദ് നിവേദനം ചെയ്യുന്ന മറ്റൊരു ഹദീഥ് ഇപ്രകാരമാണ്:

الْمتوفى عنها زوجها لاَ تلْبس الْمعصفَر من الثيابِ ولاَ الْممشقَةَ ولاَ الْحلى ولاَ تختضب ولاَ تكْتحلُ - أبوداود وصححه الألبا.

“ഭർത്താവ് മരിച്ചവൾ മഞ്ഞചായം മുക്കിയ വസ്ത്രവും ചുവന്ന മണ്ണ് മുക്കിയ വസ്ത്രവും ആഭരണവും ധരിക്കരുത്. ചായം ഇടുകയോ സുറുമയിടുകയോ ചെയ്യരുത്.” (അബൂദാവൂദ്)

ചായം മുക്കിയ വസ്ത്രം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഭംഗിക്കുവേണ്ടി ധരിക്കുന്ന അലങ്കാര വസ്ത്രം എന്നാണ്. وَلاَ تَلْبَسُ ثَوْبًا مَصْبُوغًا إِلاَّ ثَوْبَ عَصْبٍ എന്ന ഹദീഥിനെ വിശദീകരിച്ചപ്പോൾ ശൈഖ് ഉഥൈമീൻ رحمه الله ഇപ്രകാരം പറഞ്ഞു: “ഇതുകൊണ്ടുള്ള ഉദ്ദേശം അലങ്കാര വസ്ത്രം ധരിക്കരുത് എന്നാണ്. അതല്ലാതെ വെള്ള വസ്ത്രം മാത്രം ധരിക്കണം എന്നല്ല. വസ്ത്രങ്ങൾ രണ്ട് ഇനങ്ങളാണ്. ഒന്ന്: ഭംഗിക്കും മോടിക്കും വേണ്ടി ധരിക്കുന്നവ. ഇത് ദുഃഖാചരണത്തിൽ ഇരിക്കുന്നവൾക്ക് അണിയാവതല്ല. രണ്ടാമത്തെ ഇനം ഭംഗിക്ക് വേണ്ടിയല്ലാതെ ധരിക്കുന്ന വസ്ത്രം; ഇത്തരത്തിലുള്ള വസ്ത്രം ഏത് നിറത്തിലു ള്ളതാണെങ്കിലും അവൾക്ക് അണിയാവുന്നതാണ്”. (ശൈഖ് ഖാലിദ് അൽ മുസ്‌ലിഹിന്റെ അഹ്കാമുൽ ഇഹ്ദാദ്: പേജ്: 106)

3 ഭംഗിക്കായി ശരീരത്തിൽ ഉപയോഗിക്കുന്നത് ഒഴിവാക്കുക

ഭംഗിക്കുവേണ്ടി ശരീരത്തിൽ അണിയുന്ന ആഭരണങ്ങൾ, മൈലാഞ്ചി പോലുള്ള ചായങ്ങൾ, സുറുമ എന്നിവ ഇഹ്ദാദിൽ ഇരിക്കുന്ന സ്ത്രീ ഉപയോഗിക്കുവാൻ പാടില്ല. ഇപ്രകാരം തന്നെയാണ് ശരീരത്തിന് സൗന്ദര്യമേകുന്ന മറ്റ് വസ്തുകളും. ഇവിടെ സൂചിപ്പിക്കപ്പെട്ടവെക്കുള്ള തെളിവ് മുമ്പ് പറയപ്പെട്ട ഉമ്മുസലമ(ﷺ)യുടെ ഹദീഥ് തന്നെയാണ്. ഇമാം ബുഖാരി ഉദ്ധരിക്കുന്ന മറ്റൊരു ഹദീഥ് ഇപ്രകാരമാണ്:

جاءَت امرأَةٌ إِلَى رسولِ الله صلى الله علَيه وسلم فَقَالَت يا رسولَ الله إِن ابنتي توفي عنها زوجها وقَد اشتكَت عينها أَفَتكْحلُها فَقَالَ رسولُ الله صلى الله علَيه وسلم لَا مرتينِ أَو ثَلَاثًا كُل ذَلك يقُولُ لَا – البخاري

“ഒരു സ്ത്രീ നബി(ﷺ)യുടെ അടുത്തേക്ക് വന്നു. എന്നിട്ട് അവർ പറഞ്ഞു; അല്ലാഹുവിന്റെ ദൂതരേ നിശ്ചയമായും എന്റെ മകളുടെ ഭർത്താവ് മരണപ്പെട്ടിരിക്കുന്നു. അവളുടെ കണ്ണിന് രോഗം ബാധിച്ചിരിക്കുന്നു. അതിനാൽ അവൾക്ക് സുറുമയിടാമോ? അപ്പോൾ നബി(ﷺ) പറഞ്ഞു: ഇല്ല. രണ്ടോ മൂന്നോ പ്രാവശ്യം ചോദിച്ചപ്പോഴെല്ലാം തിരുമേനി(ﷺ) ഇല്ല എന്ന് പറഞ്ഞു. (ബുഖാരി)